പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: **2089** — 22.01.2014 ൽ മറുപടിയ്ക്ക്

## വീട് കയറി ആക്രമണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) നഗരൂർ നെടുമ്പറമ്പ് രേഖാഭവനിൽ ദേവദാസന്റെ കുടുംബത്തിനുനേരെയുള്ള വീട് കയറി ആക്രമണം നടത്തിയ സംഭവവുമായി ബന്ധപ്പെട്ട കേസന്വേഷണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;<br><br>(ബി) ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) നഗരൂർ നെടുമ്പറമ്പ് രേഖാ ഭവനിൽ ദേവദാസന്റെ കുടുംബത്തിനു നേരെയുള്ള വീട് കയറി ആക്രമണം നടത്തിയ സംഭവവുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 28/2014 u/s 452, 294(b), 324, 354, 427 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ടി കേസിൽ രണ്ട് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും അവർ ഇപ്പോൾ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞുവരികയുമാണ്. |
| (സി) ഈ കേസിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ പീഡിപ്പിക്കുന്നതിനെതിരെയുള്ള വകുപ്പുകൾ ചേർത്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വകുപ്പുകളാണ് ചേർത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) ഈ കേസിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ പീഡിപ്പിക്കുന്നതിനെതിരെയുള്ള വകുപ്പുകൾ ചേർത്തിട്ടില്ല. ഇതു സംബന്ധിച്ച് ലഭിച്ച പരാതിയിൽ ആവലാതിക്കാരൻ തന്റെ ജാതിയോ, എതിർകക്ഷികൾ തന്റെ ജാതിപ്പേര് വിളിച്ച് അധിക്ഷേപിച്ചതായോ പറഞ്ഞിട്ടില്ല. കൂടാതെ ടിയാന്റെ അമ്മയുടെ ജാതിയിൽപ്പെട്ടവർ തന്നെയാണ് എതിർകക്ഷികളും എന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. ഈ കേസിന്മേൽ തുടരന്വേഷണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ